ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12895 പേരിൽ 10783 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും, ഇതിൽ 4654 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം**

9 (3715) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുണ്ടെന്ന കാരണത്താൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതും എന്നാൽ വീട് വാസയോഗ്യമല്ലാത്തതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും പ്രസ്തുത ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12895 പേരിൽ 10783 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും ഇതിൽ 4654 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ഭവനനിർമ്മാണ ധനസഹായ പദ്ധതികൾ**

10 (3716) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവനനിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവന ധനസഹായം അനുവദിക്കുന്നത്. ഭവനനിർമ്മാണ ധനസഹായ പദ്ധതിയിലൂടെ 2007-8 മുതൽ 2018-19 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടങ്ങളിൽ അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് തുടർന്നുള്ള ഗഡുക്കൾ സ്പിൽ ഓവർ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ, ആദിവാസി പുനരധിവാസ മിഷൻ എന്നിവ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

(ബി) കഴിഞ്ഞ പത്ത് വർഷമായി എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ഭവനനിർമ്മാണ സഹായം ലഭ്യമാക്കിയെന്നും അതിൽ എത്ര ഭവനനിർമ്മാണം പൂർണ്ണമായും നടന്നുവെന്നും വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗക്കാർക്ക് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ ഒന്നുംരണ്ടും ഘട്ടങ്ങളുൾപ്പെടെ ആകെ 64,493 വീടുകൾ അനുവദിച്ചതിൽ 52,438 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി 25,970 വീടുകൾ അനുവദിച്ചതിൽ 8,192 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥതലങ്ങളിലുണ്ടായ ഫണ്ട് തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ പ്രസ്തുത തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നും നഷ്ടമായ എത്ര തുക കണ്ടെത്തി പ്രസ്തുത വിഭാഗക്കാർക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും 1 വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും അന്വേഷണവും സ്വീകരിച്ചുവരുന്നു. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്കുമാത്രമേ നഷ്ടമാകുന്ന തുകയുടെ വിവരങ്ങൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

**കരിങ്കാളിമ്മൽ കോളനി നവീകരണം**

11 (3717) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കരിങ്കാളിമ്മൽ കോളനി നവീകരണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly